**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 772** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഡ്രെഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യുന്ന പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | (എ) | അഴീക്കൽ തുറമുഖത്ത് രണ്ട് ബണ്ടുകളിലായി സൂക്ഷിച്ചിരിക്കുന്ന ഡ്രഡ്ജിംഗ് മെറ്റീരിയൽ ലേലം കൊള്ളുവാൻ 4 തവണ ടെണ്ടർ വിളിച്ചിട്ടും സർക്കാർ നിശ്ചയിച്ച തുകയിൽ ലേലം കൊള്ളുവാൻ ആരും തന്നെ തയ്യാറായി വന്നിട്ടില്ല. ഇവയിൽ കുറച്ച് മെറ്റീരിയൽ തുറമുഖത്തിന്റെ ലാൻഡ് ഫില്ലിംഗ് പോലുള്ള പ്രവൃത്തികൾക്ക് ഉപയോഗിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | അഴീക്കൽ തുറമുഖത്തെ കടവുകളിൽ നിന്നുള്ള ഡ്രഡ്ജിംഗ് മെറ്റീരിയൽ ശുദ്ധീകരിച്ച് വിൽപന നടത്തുന്നതിനായി പൊന്നാനി മാതൃകയിൽ മണൽ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പ്ലാന്റ് സ്ഥാപിക്കുമ്പോൾ, അഴീക്കലിൽ 2 ബണ്ടുകളിലായി ശേഖരിച്ച് വച്ചിട്ടുള്ള മണൽ ഇതിലൂടെ ശുദ്ധീകരിച്ച് വിൽപന നടത്താനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ